22473
24/10/17

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്) നം.30/2017/സാം.കാ.വ          തീയതി,തിരുവനന്തപുരം, 13/10/2017**

പരാമർശം:- കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ 04.06.2015 ലെ 1893/2011-12/ കെ.എസ്.എ/എം കത്ത്

**ഉത്തരവ്**

കേരള സാഹിത്യ അക്കാദമി ഔദ്യോഗിക ആവശ്യങ്ങൾക്ക് വാടക കാറാണ് ഉപയോഗിച്ച വരുന്നതെന്നും ആയതിന് ഓഡിറ്റ് വകുപ്പിൽ നിന്നും ധാരാളം വിമർശനങ്ങൾ ഉണ്ടാകുന്നുവെന്നും ആയതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി ഔദ്യോഗിക ആവശ്യങ്ങൾക്കായി 16.66 ലക്ഷം രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാഹിത്യ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് 16.66 ലക്ഷം രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**
**സെക്രട്ടറി**

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (19.06.2017 ലെ EDN-C3/69/2015-FIN) പ്രകാരം
GA(SC) വകുപ്പ് (11.10.2017 ലെ ഇനം നമ്പർ 1513 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

AS
Rh
12/10

രഹസ്യം

# കേരള സർക്കാർ

37. ## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-10-2017

ഫയൽ നം.എ1/210/2017/സി.എൽ.എ.ഡി. ഇനം നം: 1513

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
**പിണറായി വിജയൻ**
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

38. മുൻ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

12/10/17

15/10/17
B. SUNIL KUMAR
Deputy Secretary to Govt.
Cultural Affairs Department,
Govt. Secretariat,
Thiruvananthapuram

Rh
13/10
RANI GEORGE IAS
Secretary to Government
Cultural Affairs Department
Secretariat, Thiruvananthapuram.

12/10/17

# കേരള സർക്കാർ
## (ശ്രീ പിണറായി വിജയൻ മന്ത്രിസഭ)
## (മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 1/210/2017/സി.എൽ.എ.ഡി |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സാഹിത്യ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29/07/17 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളീച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണിജോർജ്ജ്ഐ.എ.എസ്. |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 16/09/17 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.കെ.എം.എബ്രഹാം ഐ.എ.എസ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 21/09/2017 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03/10/17 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07/10/17 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സാഹിത്യ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി സ്വന്തമായി കാർ വാങ്ങിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള സാഹിത്യ അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കും മറ്റുമായി ഇപ്പോൾ വാടകക്കാറാണ് ഉപയോഗിച്ചുവരുന്നതെന്നും ആയതിന് ഓഡിറ്റ് വകുപ്പിൽ നിന്നും ധാരാളം വിമർശനങ്ങൾ ഉണ്ടാകുന്നതായും, ആയതിനാൽ സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി ഔദ്യോഗിക ആവശ്യങ്ങൾക്കായി 16.66 ലക്ഷം രൂപം ചിലവിൽ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് അക്കാദമി സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെട്ടു.

3. ഈ വിഷയത്തിൽ ഫയൽ ആദ്യം ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ താഴെ പറയുംപ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"സ.ഉ (സാധാ) നം.375/13/സി.എ.ഡി തീയതി 05.08.2013 പ്രകാരം വാങ്ങിയ കാർ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടോ എന്നും അക്കാദമിയിൽ നിലവിൽ എത്ര വാഹനങ്ങൾ ഉണ്ട് എന്നും അവ എന്തൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്നുമുള്ള വിശദ വിവരങ്ങൾ സഹിതം ഫയൽ പുനഃസമർപ്പിക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

4. 05.08.2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം.375/2013/സി.എ.ഡി പ്രകാരം അക്കാദമി പ്രസിഡന്റിനായി വാങ്ങിയ കാർ പ്രസിഡന്റ് ഉപയോഗിക്കാത്ത സന്ദർഭങ്ങളിൽ അക്കാദമിയുടെ പ്രധാന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെങ്കിലും, തിരുവനന്തപുരത്തും മറ്റു സ്ഥലങ്ങളിലും നടക്കുന്ന അക്കാദമിയുടെ വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിന് വാടക കാറാണ് ഉപയോഗിക്കുന്നത്. വാടകയ്ക്ക് കാർ ഉപയോഗിക്കുന്നത് സാമ്പത്തികമായി പ്രായോഗികമല്ലെന്നും സാഹിത്യ അക്കാദമി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഈ വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ വീണ്ടും ധനകാര്യവകുപ്പിലേയ്ക്കയച്ചപ്പോൾ താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു.

"ജി.ഒ(പി) നം.233/2002/ഫിൻ തീയതി 17/04/2002 ഉത്തരവു പ്രകാരം ഖണ്ഡിക (2)-ൽ മൈനർ ഡിപ്പാർട്ട്മെന്റുകളുടെ ഹെഡ് ക്വാർട്ടേഴ്സുകളിൽ ഒരു വാഹനം മാത്രമേ ഉപയോഗിക്കാവൂ എന്നാണ് ഉത്തരവുള്ളത്. കൂടാതെ ഖണ്ഡിക (3) പ്രകാരം വാർഷിക ചെലവിന്റെ 50%ൽ കൂടുതൽ സർക്കാരിന്റെ സഹായധനത്തിൽ നിന്നും കണ്ടെത്തുന്ന സ്വയം ഭരണ, സഹകരണ സ്ഥാപന മേധാവികൾക്ക് സർക്കാർ വാഹനം ഉപയോഗിക്കാൻ അനുമതിയില്ലെന്നുമാണ് ഉത്തരവുള്ളത്. നിലവിൽ ഒരു സർക്കാർ വാഹനം ഉപയോഗിക്കുന്നുണ്ടെന്നതിനാലും, വാടക കാർ ഉപയോഗിക്കാമെന്നതിനാലും, ഇതിലേതെങ്കിലും ഇളവു വേണമെങ്കിൽ ജി.ഒ(എം.എസ്) നം.72/2013/ജി.എ.ഡി തീയതി 14/03/2013 ലെ ഖണ്ഡിക 4((i) പ്രകാരം മന്ത്രിസഭയുടെ അംഗീകാരം വേണമെന്നും ഉത്തരവുള്ളതിനാൽ കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ കാർ വാങ്ങുന്നതിനുള്ള അഭ്യർത്ഥന നീട്ടിവയ്ക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. കൂടാതെ 11.10.2013-ലെ ജി.ഒ(പി) നം.515/2013/ധന ഉത്തരവിൽ കഴിയുന്നിടത്തോളം സ്വന്തമായി വാഹനം വാങ്ങുന്നതിനു പകരം വാടകയ്ക്ക് ഉപയോഗിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

6. ബഹു.മുഖ്യമന്ത്രി ഈ വിഷയം മന്ത്രിസഭാ യോഗത്തിനു മുൻപാകെ സമർപ്പിക്കുവാൻ ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കേരള സാഹിത്യ അക്കാദമിയുടെ വികസന ഫണ്ടിൽ നിന്നും തുക കണ്ടെത്തി അക്കാദമിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്ക് 16.66 ലക്ഷം രൂപ ചിലവിൽ പുതിയ ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് അനുമതി നൽകാമോ?